**VAIDYAMADHAM VAIDYASALA & NURSING HOME**

P.O. Mezhathur - Trithala 679 534 - Palakkad Dist.
Ph : 0466 - 2272044, 2272255 (Offi), Fax: 2271616
E-mail : info@vaidyamadham.com, Web: www. vaidyamadham.com


To                                                                                                17.09.2020

Dr.Ramkumar
Managing Director
Aryavaidya Pharmacy Coimbatore
9841,
Trichi Road,
Ramanadhapuram,
Coimbatore- 641045.

പ്രിയപ്പെട്ട ശ്രീ.ഡോ.രാംകുമാർ അവർകൾക്ക്,

താങ്കളുടെ അമ്മാമനും ആര്യവൈദ്യഫാർമ്മസി ചെയർമാനുമായ പദ്മശ്രീ ഡോ.പി.ആർ.കൃഷ്ണകുമാർ അവർകളുടെ നിര്യാണവാർത്ത അറിഞ്ഞു. അദ്ദേഹത്തിന് ഞങ്ങളുടെ കുടുംബവുമായി ഉണ്ടായിരുന്ന ആത്മബന്ധത്തിന് അതിരുകളുണ്ടായിരുന്നില്ല. മുത്തച്ഛനുമായും(വൈദ്യമഠം വലിയ നാരായണൻ നമ്പൂതിരി ജൂനിയർ)അച്ഛനുമായും(വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരി)നല്ല അടുപ്പമായിരുന്നു.വൈദ്യമഠം കുടുംബാംഗങ്ങളുമായി നിരന്തരം ബന്ധം പുലർത്തിയിരുന്ന ഒരാളായിരുന്നു അദ്ദേഹം. ഞങ്ങൾക്ക് അദ്ദേഹത്തിൽനിന്ന് പല സഹായങ്ങളും ഉപദേശങ്ങളും ലഭിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ എങ്ങനെയാണ് ആശ്വസിപ്പിക്കേണ്ടതെന്നറിയില്ല. ഈശ്വരന്റെ കല്പനകൾ തലകുനിച്ച് കൈകൂപ്പി സ്വീകരിക്കാനേ നമുക്ക് അധികാരമുള്ളുവല്ലോ.

അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ഞങ്ങൾ വൈദ്യമഠം കുടുംബാംഗങ്ങളുടേയും ഈ സ്ഥാപനത്തിലെ അംഗങ്ങളുടേയും അഗാധമായ ദുഃഖം അറിയിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

സ്നേഹാദരങ്ങളോടെ,

വൈദ്യമഠം നാരായണൻ നമ്പൂതിരി